(1)	(2)	(3)	(4)
നെടുങ്കണ്ടം സ്റ്റേഡിയം ഇടുക്കി ജില്ല	4-3-2009	12,56,50,000	നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്
മുനിസിപ്പൽ സ്റ്റേഡിയം മൂവാറ്റുപുഴ	31-3-2009	4,30,00,000	മൂവാറ്റുപുഴ മുനിസിപ്പൽ സ്റ്റേഡിയം
ഹോക്കി സ്റ്റേഡിയം കൊല്ലം	7-6-2010	11,71,22,835	സി. റ്റി. രാമനാഥൻ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, ചെന്നൈ
ഇൻഡോർ സ്റ്റേഡിയം കണ്ണൂർ	16-1-2010	26,36,97,428	കൺസോളിഡേറ്റഡ് കൺസ്ട്രക്ഷൻ കൺസോർഷ്യം ചെന്നൈ
ഷൂട്ടിംഗ് റേഞ്ച് വട്ടിയൂർക്കാവ് തിരുവനന്തപുരം	23-7-2010	17,10,12,588	സി. റ്റി. രാമനാഥൻ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, ചെന്നൈ
കോട്ടപ്പടി മൈതാനം മലപ്പുറം	21-1-2008	2.61 കോടി	കിറ്റ്കോ
ജിനചന്ദ്ര സ്റ്റേഡിയം വയനാട്	29-7-2010	4.85 കോടി	പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്
പാലക്കാട് ഇൻഡോർ സ്റ്റേഡിയം	3-12-2009	13,25,00,000	പാലക്കാട് ഇൻഡോർ സ്റ്റേഡിയം സൊസൈറ്റി

(സി&ഡി) മേൽപ്പറഞ്ഞ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. പണികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ചെലവ് സംബന്ധിച്ച കണക്കുകൾ അന്തിമമായി തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ.

കളിസ്ഥലങ്ങൾ സംരക്ഷിക്കുവാൻ നിയമനിർമ്മാണം

231 (681) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കളിസ്ഥലങ്ങളായി ഉപയോഗിച്ചിരുന്ന സ്ഥലങ്ങൾ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കളിസ്ഥലങ്ങൾ സംരക്ഷിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) കളിസ്ഥലങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല

(ബി&സി) ഇക്കാര്യം പരിഗണിക്കുന്നതാണ്.

ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും വികസിപ്പിക്കുന്നതിനും അനുവദിച്ച തുക

232 (682) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും വികസിപ്പിക്കുന്നതിനും ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര തുക വീതം അനുവദിച്ചു എന്ന് വിശദമാക്കുമോ ?

ഉത്തരം

ഇതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ കായിക യുവജന കാര്യ കാര്യാലയം എന്നിവ മുഖേന അനുവദിക്കപ്പെട്ട തുക, സ്ഥാപനം എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

സ്കൂളുകളിലെയും പൊതുസ്ഥലങ്ങളിലെയും കളിസ്ഥലങ്ങൾ

233 (683) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിലെയും പൊതുസ്ഥലങ്ങളിലെയും കളിസ്ഥലങ്ങൾ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി എന്തൊക്കെ പുതിയ നടപടികളാണ് ഉദ്ദേശിക്കുന്നത് ;

(ബി) ഇതിനായി പുതിയ നിയമനിർമ്മാണം വേണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly